**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6525** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചൂണ്ടൽ കുറ്റിപ്പുറം സംസ്ഥാന പാത**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ചൂണ്ടൽ- കുറ്റിപ്പുറം സംസ്ഥാന പാതയിൽ മഴക്കാല പൂർവ്വ അറ്റകുറ്റ പ്രവൃത്തി അവസാനമായി നടത്തിയത് എന്നാണെന്ന് അറിയിക്കുമോ; | (എ) | ഈ പാതയിൽ RKI പദ്ധതി പ്രകാരം 316.82 കോടിയുടെ പ്രവൃത്തി നടത്തിപ്പിന് 07/09/2021 തീയതിയിൽ സൈറ്റ് കൈമാറിയിരുന്നു. പ്രവൃത്തി നടക്കുന്ന സമയത്ത് റോഡ് ട്രാഫിക്കബിൾ ആയി നിലനിർത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തം ആണ്. പ്രീമൺസൂൺ പ്രവൃത്തികളും കരാറുകാരന്റെ ഉത്തരവാദിത്തം ആണ്. |
| (ബി) | മഴയത്ത് റോഡിൽ രൂപപ്പെട്ട വലിയ കുഴികൾ കാരണം റോഡ് ഗതാഗത യോഗ്യമല്ലാതായി ജനങ്ങൾ ബുദ്ധിമുട്ടുന്നതും റോഡിൽ അപകടം പതിവായിരിക്കുന്നതുമായ ഗുരുതര സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ 07.05.2024-ന് ഈ കരാർ റദ്ദ് ചെയ്തിട്ടുള്ളതാണ്. മഴക്കാലത്ത് രൂപപ്പെട്ട കുഴികൾ മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി 29 ലക്ഷം അനുവദിച്ചിട്ടുണ്ട്. 23.06.2024 മുതൽ അറ്റകുറ്റ പ്രവൃത്തികൾ നടന്നുവരുന്നു. |
| (സി) | എങ്കിൽ കുന്നംകുളം-ചൂണ്ടൽ-കുറ്റിപ്പുറം റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | (ബി) പിരവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ